പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 607

05.06.2018 - ൽ മറുപടിക്ക്.

## വ്യവസായിയുടെ ആത്മഹത്യയ്ക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി

<u>ചോദ്യം</u>
ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്

<u>മറുപടി</u>
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പീഡനം മൂലം തിരുവനന്തപുരം വേളി വ്യവസായ എസ്റ്റേറ്റിലെ വ്യവസായിയായിരുന്ന സുരേഷ് ആത്മഹത്യ ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) : വേളി വ്യവസായ എസ്റ്റേറ്റിലെ വ്യവസായി ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ആത്മഹത്യയ്ക്ക് ഉത്തരവാദികളായവരുടെ പേരിൽ സ്വീകരിച്ച വകുപ്പുതല നടപടികൾ വിശദമാക്കാമോ ; | (ബി) : ഇതിന്റെ പേരിൽ വ്യവസായ വകുപ്പിലെ ജീവനക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) : വ്യവസായ ആവശ്യങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.

കെ/04/06